# പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4634 — 26.10.2016 ന് മറുപടിയ്ക്ക്.

## വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചതിനുള്ള നഷ്ടപരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ്ജ് എം.തോമസ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചാൽ നഷ്ടപരിഹാരം നൽകുന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; | **(എ)** വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശത്തിന് 1980-ലെ കേരളാ റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരമാണ് നഷ്ടപരിഹാരം നല്കിവരുന്നത്. ഈ റൂളിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ഒടുവിൽ പുതുക്കിയ സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ കൃഷിനാശത്തിന് ഒരപേക്ഷയിൽ നിബന്ധനകൾക്ക് വിധേയമായി പരമാവധി 75000/- രൂപയാണ് നല്കിവരുന്നത്. ഒരു വർഷത്തിൽ ഒരപേക്ഷകന് പരമാവധി 4 തവണയാണ് നഷ്ടപരിഹാരം നല്കിവരുന്നത്. |
| (ബി) ആനക്കാംപൊയിൽ പ്രദേശത്ത് വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചതിനുള്ള നഷ്ടപരിഹാരം നൽകുന്നതിന് കാലതാമസം നേരിടുകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(ബി)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആനക്കാംപൊയിൽ പ്രദേശം ഉൾപ്പെടുന്ന കോഴിക്കോട് ഫോറസ്റ്റ് ഡിവിഷനിൽ 2014 മുതലുള്ള ചില അപേക്ഷകളിൽ നഷ്ടപരിഹാരം നല്കാൻ ബാക്കിയുണ്ട്. അപേക്ഷകളിലെ ന്യൂനതകൾ പരിഹരിക്കുന്നതിലെ കാലതാമസവും, ഫണ്ടിന്റെ ലഭ്യതക്കുറവും മൂലമാണ് നഷ്ടപരിഹാരം നല്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളത്. |
| (സി) നഷ്ടപരിഹാരം അടിയന്തിരമായി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ? | **(സി)** സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ